ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 09-11.2024**

## പ്രധാനവാർത്തകൾ

1. വയനാട് മേപ്പാടിയിൽ കേടായ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തത് ഗുരുതരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; അന്വേഷണത്തിന് ഉത്തരവിട്ട് ജില്ലാ കളക്ടർ.

2. ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ സംസ്ഥാനത്തെ മൂന്ന് മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതം.

3. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഈ മാസം 15 മുതൽ 18 വരെ ആലപ്പുഴയിൽ.

4. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവ ആറാട്ടിന് തു ടക്കമായി; തിരുവനന്തപുരം വിമാനത്താവളം ഇന്ന് രാത്രി 9 വരെ അടച്ചിടും.

5. ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികമേള ചരിത്ര വിജയമെന്ന് മന്ത്രി ശിവൻകുട്ടി; മേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു.

**********************

RNU TVPM

## ചൂരൽമല- ഭക്ഷ്യവിഷബാധ

വയനാട് ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർ താമസിക്കുന്ന ഫ്ലാറ്റിൽ ഭക്ഷ്യവിഷബാധയെന്ന് പരാതി. മൂന്ന് കുട്ടികൾക്കാണ് ശാരീരിക അസ്വസ്ഥത നേരിട്ടത്. ഇവരിൽ ഒരാളെ വൈത്തിരിയിലെ ആശുപത്രിയിലേക്ക് മാറ്റി. വിവരമറിഞ്ഞ് മന്ത്രി പി.പ്രസാദ് താലൂക്ക് ആശുപത്രിയിലെത്തി സ്ഥിതി വിലയിരുത്തി.

**********************

## കിറ്റ് വിതരണം നിർത്തി

വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിന് കീഴിലെ വിതരണ കേന്ദ്രമായ ഇ.എം.എസ് ഹാളിലെ ഭക്ഷ്യ വസ്തുക്കളുടെ വിതരണം നിർത്തി വച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. വിഷയത്തിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കളക്ടർ നിർദ്ദേശിച്ചു. ഇവിടെ നിന്ന് ലഭിച്ച ഭക്ഷ്യ വസ്തുക്കൾ കഴിച്ച രണ്ട് കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണിത്.

RNU TVPM

**********************

## മുഖ്യമന്ത്രി -പഴകിയ അരി (വോയ്സ്)

'വയനാട്ടിൽ പഴകിയ അരി വിതരണം ചെയ്ത നടപടി ഗുരുതരമെന്ന്  മുഖ്യമന്ത്രി പിണറായി വിജയൻ. വിഷയത്തിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടുവരാൻ വിശദമായ പരിശോധന നടത്തുമെന്നും ഇതിനായി വിജിലൻസിനെ ചുമതല നൽകിയിട്ടുണ്ടെന്നും അദ്ദേഹം ചേലക്കരയിൽ പറഞ്ഞു. (ഹോൾഡ് വോയിസ്)

**********************

## മന്ത്രി കെ രാജൻ- അരി വിഷയം

വയനാട് കേടായ അരി വിതരണം ചെയ്ത വിഷയത്തിൽ DMO യോട് കളക്ടർ വിശദീകരണം തേടിയിട്ടുണ്ടെന്ന് റവന്യൂ മന്ത്രി കെ രാജൻ. ഓരോ പഞ്ചായത്തിലും റവന്യൂ വകുപ്പ് നൽകിയ

അരിയുടെ കണക്കുണ്ട്. മേപ്പാടി പഞ്ചായത്തിനൊപ്പം അരി വിതരണം ചെയ്ത മറ്റു പഞ്ചായത്തുകളിൽ ഒരു പ്രശ്നവുമില്ല. എന്തുകൊണ്ട് രണ്ട് മാസമായി ഈ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തില്ലെന്ന് മന്ത്രി ചോദിച്ചു.

**********************

## സീപ്ലെയിൻ

കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് വഴിയൊരുക്കുന്ന സീപ്ലെയിൻ സർവീസ് തിങ്കളാഴ്ച മന്ത്രി പി.എ മുഹമ്മദ് റിയാസ് കൊച്ചിയിൽ ഫ്ളാഗ് ഓഫ് ചെയ്യും. ഫ്ളാഗ് ഓഫിനു ശേഷം ഇടുക്കിയിലെ മാട്ടുപ്പെട്ടിയിലേക്ക് സർവീസ് നടത്തുന്ന വിമാനത്തിന് മന്ത്രി റോഷി അഗസ്റ്റിൻറെ നേതൃത്വത്തിൽ സ്വീകരണം നൽകും.

**********************

## സംസ്ഥാനം- ഉപ തിരഞ്ഞെടുപ്പ്

ഉപതിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ സംസ്ഥാനത്തെ മൂന്ന് മണ്ഡലങ്ങളിലും പ്രചാരണം അവസാനഘട്ടത്തിൽ. വയനാട്, ചേലക്കര മണ്ഡലങ്ങളിൽ ബുധനാഴ്ചയും, പാലക്കാട് ഈ മാസം 20 നുമാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 23 ന് നടക്കും. വയനാട് ലോക്സഭാ മണ്ഡലത്തിൽ മുന്നണികൾ പ്രചാരണം ശക്തമാക്കിയിട്ടുണ്ട്. ചേലക്കരയിൽ എൽ ഡി എഫ് സ്ഥാനാർത്ഥി യു ആർ പ്രദീപിനായി മുഖ്യമന്ത്രി പിണറായി വിജയൻ അവസാനഘട്ട പ്രചരണത്തിനെത്തി. യുഡിഫ് സ്ഥാനാർഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം 3 പഞ്ചായത്തുകളിലായാണ് നടക്കുന്നത്. NDA സ്ഥാനാർത്ഥി കെ.ബാലകൃഷ്ണൻ മുള്ളുർക്കര പഞ്ചായത്തിലാണ് ഇന്ന് പ്രചരണം നടത്തുന്നത്. പാലക്കാട് മണ്ഡലത്തിലും മൂന്ന് മുന്നണികളും ഊർജ്ജിത പ്രചാരണത്തിലാണ്.

**********************

RNU TVM

## പോസ്റ്റൽ വോട്ട്

വയനാട് ലോക്സഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവശ്യ സർവീസ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കുള്ള പോസ്റ്റൽ വോട്ടിംഗ് സെൻററിൽ നാളെ വൈകീട്ട് അഞ്ച് വരെ വോട്ട് ചെയ്യാൻ അവസരം. നിലമ്പൂർ ഫോറസ്റ്റ് കോൺഫറൻസ് ഹാളിലാണ് സജ്ജീകരണം ഒരുക്കിയിട്ടുള്ളത്. ഏറനാട്, നിലമ്പൂർ, വണ്ടൂർ എന്നീ മൂന്ന് മണ്ഡലങ്ങളിലെയും വോട്ടർമാർക്ക് ഇത് കേന്ദ്രത്തിൽ വോട്ട് ചെയ്യാം.

**********************

## ശ്രീപത്മനാഭ സ്വാമി ക്ഷേത്രം-ആറാട്ട് (ഇൻട്രോ)

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിന്റെ ഭാഗമായ ആറാട്ടിന് തുടക്കമായി. വൈകിട്ട് 5 മണിയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.

(വോയ്സ്)

PNU TVPM

**********************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി- "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യും. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

**********************

## സ്കൂൾ ശാസ്ത്രോത്സവം

ഈ വർഷത്തെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഈ മാസം 15 മുതൽ 18 വരെ ആലപ്പുഴയിൽ നടക്കും.180 ഇനങ്ങളിലായി 5,000 ത്തോളം വിദ്യാർത്ഥികൾ ശാസ്ത്രമേളയിൽ പങ്കെടുക്കും. നവംബർ-15 ന് പ്രധാന വേദിയായ സെൻറ് ജോസഫ്സ് സ്കൂളിൽ മുഖ്യമന്ത്രി

പിണറായി വിജയൻ മേളയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും.

**********************

## സ്കൂൾ കായികമേള-വി.ശിവൻകുട്ടി (ഇൻട്രോ)

കൊച്ചിയിൽ നടക്കുന്ന കേരള സ്കൂൾ കായിക മേള - ഇൻക്ലൂസീവ് സ്പോർട്സ് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് പൊതുവിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. സംഘാടനമികവ് കൊണ്ടും കായിക താരങ്ങളുടെ എണ്ണം കൊണ്ടും ഇത് ലോകത്തെ ഏറ്റവും വലിയ കൗമാര കായിക മേള ആയിരിക്കുകയാണ് എന്ന് മന്ത്രി പറഞ്ഞു. (ഹോൾഡ് വോയിസ്)

**********************

## സ്കൂൾ കായികമേള

RNUTVPM

എറണാകുളത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ 1887 ഓവറോൾ പോയിൻറോടെ തിരുവനന്തപുരം ശക്തമായ നിലയിൽ. തൃശ്ശൂർ രണ്ടാം സ്ഥാനത്തും, കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്. അത്‌ലറ്റിക്സിൽ 38 ഇനങ്ങൾ പൂർത്തിയായപ്പോൾ മലപ്പുറമാണ് മുൻനിരയിൽ. രണ്ടാം സ്ഥാനത്ത് പാലക്കാടും മൂന്നാം സ്ഥാനത്ത് ആതിഥേയരായ എറണാകുളവുമാണ്. 17 വേദികളിൽ നടക്കുന്ന കേരള സ്കൂൾ കായികമേളയ്ക്ക് മറ്റന്നാൾ തിരശീല വീഴും.

**********************

## ഗർഭിണി വീണ സംഭവം -അന്വേഷണം

ആലപ്പുഴയിൽ നിർമാണത്തിലിരുന്ന ഓടയിൽ ഗർഭിണി വീണ സംഭവം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസിന്റെ നിർദ്ദേശം. പൊതുമരാമത്ത് റോഡ് വിഭാഗം ചീഫ് എൻജിനീയർ അജിത് രാമചന്ദ്രനാണ് അന്വേഷണ ചുമതല.

**********************

## ചിന്ന ചിന്ന ആശൈ -ഇടുക്കി (വോയ്സ്)

ശിശുസംരക്ഷണ സ്ഥാപനങ്ങളിലുള്ള ആയിരത്തിലധികം കുട്ടികളുടെ ചുണ്ടിൽ പുഞ്ചിരിവിരിയിക്കാൻ "ചിന്ന ചിന്ന ആശൈ" പദ്ധതിയുമായി ഇടുക്കി ജില്ലാഭരണകൂടം. ശിശുദിനത്തോടനുബന്ധിച്ച് പതിനെട്ട് വയസുവരെയുള്ള 1084 കുട്ടികൾക്ക് പൊതുജനങ്ങളുടെ സഹകരണത്തോടെ സമ്മാനങ്ങൾ നൽകുന്നതാണ് പദ്ധതി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

**********************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ചെന്നൈയിൻ എഫ് സി മുംബൈ സിറ്റിയുമായി ഏറ്റു മുട്ടുകയാണ്. പകുതി സമയം പിന്നിട്ടപ്പോൾ ഇരുടീമുകളും ഓരോ ഗോൾ വീതം നേടിയിട്ടുണ്ട്.
രാത്രി 7.30 ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഈസ്റ്റ് ബംഗാൾ, മുഹമ്മദേൻ എസ് സി യുമായി ഏറ്റുമുട്ടും.

RNU TVPM

**********************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം ഉത്തർപ്രദേശിനെ പരാജയപ്പെടുത്തി. ഇന്നിങ്സിനും 117 റൺസിനുമാണ് കേരളത്തിന്റെ ജയം.

**********************

## ട്രെയിനുകൾ വൈകി ഓടുന്നു

ട്രാക്കിലെ വിള്ളലിനെ തുടർന്ന് കോട്ടയം വഴിയുള്ള ട്രെയിനുകൾ വൈകി ഓടുന്നു. അടിച്ചിറ പാറോലിക്കൽ ഭാഗത്ത് വെൽഡിംഗ് തകരാറിനെ തുടർന്ന് ആണ് പ്രശ്നം കണ്ടെത്തിയത്. വിള്ളൽ താത്കാലികമായി പരിഹരിച്ചു.
എങ്കിലും കോട്ടയത്തിനും ഏറ്റുമാനൂരിനും ഇടയിൽ എല്ലാ ട്രെയിനുകളും വേഗം കുറച്ച് ഓടുകയാണ്.

**********************

## സ്വർണം

സ്വർണ വില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 58,200 രൂപയും ഗ്രാമിന് 10 രൂപ കുറഞ്ഞ് 7,275 രൂപയുമായി.

**********************

## ഗതാഗത നിയന്ത്രണം

തിരുവനന്തപുരം ജില്ലയിലെ കാര്യവട്ടം - ചെങ്കൊട്ടുകോണം റോഡിൽ ഗതാഗത നിയന്ത്രണം കാര്യവട്ടം - ചെങ്കൊട്ടുകോണം റോഡിൽ ബി എം പ്രവർത്തികൾ നടക്കുന്നതിനാൽ നാളെയും , മറ്റന്നാളും ഈ റോഡിലൂടെയുള്ള വാഹന ഗതാഗതത്തിന് പൂർണ നിയന്ത്രണം ഉണ്ടായിരിക്കുമെന്ന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**********************

## ഗതാഗത നിയന്ത്രണം -കരകുളം പാലം

തിരുവനന്തപുരം-തെന്മല റോഡിൽ കരകുളം പാലം - കെൽട്രോൺ ജംങ്ഷൻ വരെ ഫ്ളൈ ഓവർ നിർമാണവുമായി ബന്ധപ്പെട്ട് നെടുമങ്ങാട് ഭാഗത്തേക്കും, തിരുവനന്തപുരം ഭാഗത്തേക്കുമുള്ള പൂർണ ഗതാഗത നിയന്ത്രണം തിങ്കളാഴ്ച മുതൽ നടപ്പാക്കും.

RNUTVPM

**********************

## കെ ആർ നാരായണൻ- ഓർമദിനം*

മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ ചരമവാർഷികദിനം തിരുവനന്തപുരത്ത് സമുചിതമായി ആചരിച്ചു. നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പ്രതിമയിൽ നിയമസഭ സെക്രട്ടറി ഡോ. എൻ കൃഷ്ണകുമാർ പുഷ്പാർച്ചന നടത്തി.

**********************

************

***